# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 530      12-6-2012 ന് മറുപടിയ്ക്ക്.

## വനനശീകരണവും കയ്യേറ്റങ്ങളും തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് ;<br>ശ്രീ.അൻവർ സാദത്ത് ;<br>ശ്രീ.ഷാഫി പറമ്പിൽ ;<br>ശ്രീ.എ.റ്റി. ജോർജ് ; | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) അഖിലേന്ത്യാ സർവ്വേ പ്രകാരം കേരളത്തിന്റെ വനവിസ്തൃതി കുറഞ്ഞുവരുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)അഖിലേന്ത്യാ വനം സർവ്വേയുടെ 2011 വർഷത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വന വിസ്തൃതി (Forest Area)യിൽ കുറവു വന്നതായി കണക്കാക്കിയിട്ടില്ല. എന്നാൽ വനാവരണത്തിൽ (Forest Cover) 24 ച.കി.മീ. കുറവ് വന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളത്തിലെ തേക്ക്, യൂക്കാലി, അക്കേഷ്യ, മാഞ്ചിയം, റബ്ബർ, എന്നിവയുടെ തോട്ടങ്ങളിൽ നടന്ന റൊട്ടേഷണൽ ഫെല്ലിംഗ് ആണ് വനാവരണത്തിൽ കുറവു വരാനുണ്ടായ പ്രധാന കാരണമെന്ന് അഖിലേന്ത്യാ വനം സർവെയുടെ 2011 വർഷത്തെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വനംവകുപ്പ് പരിപാലിച്ചുവരുന്ന തോട്ടങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ്പ്ളാനിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് റൊട്ടേഷൻ ഫെല്ലിംഗ് നടത്തിവരുന്നത്. ഇപ്രകാരം മുറിക്കപ്പെടുന്ന തോട്ടങ്ങളിൽ റീപ്ളാൻറിംഗ് നടത്തുന്നുണ്ട്. |
| (ബി) വനനശീകരണവും കയ്യേറ്റങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) വനനശീകരണം തടയുന്നതിനു വേണ്ടി നിലവിലുളള സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തിയും, |

| | |
|---|---|
| | രാത്രികാല പെട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയും, തദ്ദേശീയരായ വാച്ചർമാരുടെയും, വനസംരക്ഷണ സമിതികളുടെയും, ഇക്കോ ഡവലപ്മെൻറ് കമ്മിറ്റികളുടെയും, സഹായത്തോടെ ജനപങ്കാളിത്തത്തോടുകൂടിയ വന പരിശോധന, രഹസ്യ വിവര ശേഖരണം എന്നിവയിലൂടെ വനസംരക്ഷണം ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.. വനഭൂമി കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടഞ്ഞ് പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. വനം കയ്യേറ്റത്തിനു സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പെട്രോളിംഗ് നടത്തിയും വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾവഴിയും വനം കയ്യേറ്റശ്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല സ്ഥാപിച്ചും വനഭൂമി സംരക്ഷിച്ചുവരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) വേനൽക്കാലത്ത് കാട്ടുതീമൂലം ഉണ്ടാകുന്ന വനനശീകരണം തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; കാട്ടുതീ തടയുവാനുള്ള ഫയർലൈൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) വേനൽക്കാലത്ത് കാട്ടുതീമൂലം വനനശീകരണം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി പ്രധാനമായും കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള വനമേഖലകളെ ഖണ്ഡങ്ങളായി തിരിച്ച് ഫയർലൈൻ തെളിയിച്ചിട്ടുണ്ട്. ഈ വർഷം ജനുവരി മുതൽ ജൂൺ മാസത്തിന്റെ തുടക്കംവരെയുള്ള വേനൽക്കാലത്ത് കാട്ടുതീ തടയുന്നതിനുള്ള ഫയർലൈൻ ജോലികൾ |

| | |
|---|---|
| | പൂർത്തീകരിച്ചിട്ടുണ്ട്. കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിരന്തരം പെട്രോളിംഗ് നടത്തിയും, പരിചയ സമ്പന്നരായ ആദിവാസികളെയും പരിസരവാസികളെയും ഫയർവാച്ചർമാരായി നിയമിച്ചും, വനസംരക്ഷണ സമിതി, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തിയും, വനമേഖലകളിലെ കള്ളവാറ്റ് തടയുന്നതിന് അടിയന്തര നടപടി സ്വീകരിച്ചും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വയർലസ് , തുടങ്ങിയ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും കാട്ടുതീ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് എത്രയും പെട്ടെന്ന് വനംവകുപ്പുദ്യോഗസ്ഥരെ അറിയിക്കുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും വനമേഖലകളോട് ചേർന്നുള്ള പ്രദേശങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) വനഭൂമിയിൽ താമസക്കാരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) വനഭൂമിയിൽ താമസക്കാരായ എല്ലാ ആദിവാസികളെയും പുനരധിവസിപ്പിക്കുവാനുള്ള പദ്ധതി തയ്യാറാക്കുന്നില്ല. എന്നാൽ വന്യജീവി സങ്കേതങ്ങളിൽ താമസക്കാരായ ആദിവാസികളെ പുനരധിവസിപ്പിക്കുവാനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. വനഭൂമിയിൽ താമസക്കാരായ എല്ലാ ആദിവാസികൾക്കും 2006 ലെ വനാവകാശ നിയമപ്രകാരം വനഭൂമിയുടെ കൈവശരേഖ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

4